**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3814** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര പോലീസ് സ്റ്റേഷനുകൾ നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ; | (എ) | കാസർഗോഡ് ജില്ലയിൽ മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ മാത്രമാണ് വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത്. |
| (ബി) | ഇതിൽ എത്ര പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ട്; | (ബി) | മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കാസർഗോഡ് താലൂക്ക്, തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 107/14 ൽ പെട്ട 0.50 ഏക്കർ സ്ഥലം കാസർഗോഡ് ജില്ലാ കളക്ടർ പോലീസ് വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | സ്ഥലം ലഭ്യമായ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; | (സി) | സ്ഥലം ലഭ്യമായ മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ, ബേക്കൽ സബ് ഡിവിഷൻ ഓഫീസ് എന്നിവയ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ആകെ 300 ലക്ഷം രൂപ 2022-23 വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും 2022-23 സാമ്പത്തിക വർഷത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ